# Malayala Manorama

## 15 August 2018

## Kerala dams

### അണക്കെട്ടുകളിൽ ഇന്നലെ സംഭവിച്ചത്

- ഇടുക്കി - ചെറുതോണി അണക്കെട്ടിന്റെ, കഴിഞ്ഞ ദിവസം അടച്ച രണ്ടു ഷട്ടറുകൾ വീണ്ടും തുറന്നു. ജലനിരപ്പ് 2397.74 അടി.
- മുല്ലപ്പെരിയാറിൽ കനത്ത മഴ. ജലനിരപ്പ് 139 അടിയിലെത്തി (പരമാവധി 142 അടി).
- ആനത്തോട്, പമ്പ അണക്കെട്ടുകൾ തുറന്നു തന്നെ.
- ഇടമലയാറിലെ ജലനിരപ്പ് പൂർണ ശേഷിയായ 169 മീറ്ററും പിന്നിട്ട് 169.2 മീറ്ററായി. 171 മീറ്ററാണു പരമാവധി ശേഷി. ഷട്ടറുകൾ കൂടുതൽ ഉയർത്തി. ഭൂതത്താൻകെട്ടിൽ വൈകിട്ടോടെ ജലനിരപ്പ് 32.15 മീറ്റർ ആയി ഉയർന്നു.
- മലമ്പുഴ അണക്കെട്ടിൽ ജലനിരപ്പ്: 114.86 മീറ്റർ (പരമാവധി: 115.06), വാളയാറിൽ 202.22 മീറ്റർ (പരമാവധി: 203); രണ്ടിടത്തും ഷട്ടറുകൾ കൂടുതൽ ഉയർത്തി. ചുള്ളിയാറിന്റെ മൂന്നു ഷട്ടറുകൾ പത്തു സെന്റീമീറ്റർ ഉയർത്തി.
- ഇടമലയാർ സംഭരണിയിൽ ജലനിരപ്പ്പൂർണശേഷിയായ169മീറ്ററുംപിന്നിട്ട്169.2മീറ്ററായിഉയർന്നു.171മീറ്ററാണു പരമാവധി ശേഷി.
- തൃശൂർ പെരിങ്ങൽകുത്ത് ഡാം ചരിത്രത്തിലാദ്യമായി ആറു ഷട്ടറുകളും മുഴുവനായി തുറന്നു. ചിമ്മിനി ഡാമിന്റെ നാലു ഷട്ടറുകൾ ഇന്നലെ രണ്ടു തവണ ഉയർത്തി. വാഴാനി, പീച്ചി, ഷോളയാർ ഡാമുകളുടെ ഷട്ടറുകൾ കൂടുതൽ ഉയർത്തി. പൂമല ഡാമിൽ രണ്ടു ഷട്ടറുകൾ തുറന്നുതന്നെ.
- കക്കയം ഡാം ജലനിരപ്പ് 100% (2487 അടി). രണ്ടു ഷട്ടറുകളും നാലര അടിവീതം ഉയർത്തി. ഇത് ആറടിയാക്കുമെന്ന് മുന്നറിയിപ്പുണ്ട്. പെരുവണ്ണാമുഴി ഡാമിൽ ജലനിരപ്പ് 40.36 മീറ്ററായി.